1B3N16203 (Pages :1) Reg. No:…………………………..

Name: ………………………….

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2016**

**MAL3C03 - Keralapadanam - Adhinivesakala Keralam**

(2015 Admission onwards)

Max. Time: 1.5 hours Max. Marks: 40

A. ഒറ്റവാക്കിൽ ഉത്തരമെഴുതുക. (7x1=7)

1. പോർച്ചുഗീസുകാർ കണ്ണൂരിൽ നിർമ്മിച്ച കോട്ട ഏത്?
2. കൂനൻകുരിശുകലാപം നടന്ന വർഷം ഏത്?
3. കേരളത്തിലെത്തിയ ആദ്യത്തെ ഇംഗ്ലീഷുകാരൻ ആര്?
4. മലയാളഭാഷയിലെ ആദ്യനിഘണ്ടു തയ്യാറാക്കിയത് ആര്?
5. ഇന്ത്യയിൽ യൂറോപ്യൻശക്തികൾ നിർമ്മിച്ച ആദ്യത്തെ കോട്ട ഏത്?
6. വൈക്കംസത്യാഗ്രഹം നടന്നത് ഏത് വർഷം?
7. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥം ഏത്?

B. രണ്ടോ മൂന്നോ വാക്യത്തിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. (5x2=10)

8. തുഹ്ഫത്തുൽ മുജാഹിദീൻ- കുറിപ്പെഴുതുക.
9. ഉദയംപേരൂർ സൂനഹദോസിന്റെ ചരിത്രപ്രാധാന്യം പരിശോധിക്കുക?
10. കുറിച്യകലാപത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു?
11. ചാന്നാർകലാപത്തിന്റെ രാഷ്ട്രീയപ്രസക്തി എന്ത്?
12. ഹോർത്തൂസ് മലബാറിക്കസിന്റെ പ്രാധാന്യം വിശദമാക്കുക?
13. ഖിലാഫത്ത്പ്രസ്ഥാനത്തിന് വഴിയൊരുക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?
14. മലയാളഗദ്യസാഹിത്യത്തിന് ഡോ.ഹെർമ്മൻഗുണ്ടർട്ട് നൽകിയ സംഭാവന പരിശോധിക്കുക.

C. ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (3x5=15)

15. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ചരിത്രപരമായ പ്രാധാന്യമെന്ത്?
16. വേലുത്തമ്പിദളവ നടപ്പിലാക്കിയ പ്രധാന ഭരണപരിഷ്കാരങ്ങൾ എന്തെല്ലാം?
17. പോർച്ചുഗീസുകാരുടെ മതനയത്തിന്റെ പ്രത്യേകതകൾ വ്യക്തമാക്കുക?
18. മാർത്താണ്ഡവർമ്മ നടപ്പിലാക്കിയ പ്രധാന ഭരണപരിഷ്കാരങ്ങൾ എന്തെല്ലാം?

D.ഏതെങ്കിലും ഒരു ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുക. (1x8=8)

19. മൈസൂർ ആക്രമണത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു?
20. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ഡച്ചുകാർ നല്കിയ സംഭാവനകൾ വിശദമാക്കുക.

***************

1B3N16201 (Pages : 1) Reg. No...............................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2016**

**MAL3B03 - Malayala Kavitha Uttharagattam**

(2015 Admission onwards)

***Max. Time: 3 hours*** ***Max. Marks: 80***

I. **ഒറ്റ വാക്കിൽ ഉത്തരം എഴുതുക.**

1. 'ഒറ്റക്കമ്പിയുള്ള തംബുരു' ആരുടെ കൃതിയാണ്?
2. കടമ്മനിട്ടയുടെ കവിതകളിൽ ഏത് അനുഷ്ഠാനകലയുടെ സ്വാധീനമാണ് ഉള്ളത്?
3. മലയാള കവിതാ സാഹിത്യ ചരിത്രം എഴുതിയതാര്?
4. "ഒരു താമരമൊട്ടായ്
   ഒരു തൊഴുകൈയായ്
   എന്നാത്മാവിരിക്കുന്നു". ആരുടേതാണ് ഈ വരികൾ?
5. കവിതയെക്കുറിച്ച് എൻ.എൻ. കക്കാട് എഴുതിയ നിരൂപണ ഗ്രന്ഥത്തിന്റെ പേരെന്താണ്?
6. 'മേഘരൂപ'നിൽ സൂചിപ്പിക്കപ്പെടുന്ന കവി ആര്?
7. ആരെ സ്മരിച്ചപ്പോഴാണ് ഉർവ്വശിക്ക് നൃത്തച്ചുവട് പിഴച്ചത്?
8. അപ്പൂപ്പൻ ഓഹരിയായി തന്നതെന്ത്?
9. 'അവസരോചിതൻ' തയ്യാറാക്കിയ പുസ്തകത്തിന്റെ പ്രമേയമെന്ത്?
10. 'ഘനശ്യാമരൂപിണി' അർത്ഥമെന്ത്?

*10 x ½ = 5 Marks*

II. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. ഉർവ്വശിയുടെ നൃത്തത്തെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?
12. വിശ്വനായകന് കവി നൽകുന്ന വിശേഷണങ്ങൾ എന്തെല്ലാം?
13. കവി ഒറ്റക്ക് കാണാൻ ആഗ്രഹിക്കുന്നതെന്ത്?
14. പ്രിയ കഥകൾ പറയുമ്പോൾ നമ്മിലേക്കൊഴുകി എത്തുന്നതെന്ത്?
15. ആരുടെ ഓർമ്മക്കാണ് കാറ്റാടി മരം നടേണ്ടത്?

*5 x 2 = 10 Marks*

III. **150 വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക.**

16. 'നിന്റെ ജീവിതം നിൻ കാര്യം മാത്രം'. സന്ദർഭം കാണിച്ച് വിശദമാക്കുക.
17. 'സ്മാരകം' എന്ന കവിത സൂചിപ്പിക്കുന്നതെന്ത്?
18. 'കാളകൾ' എന്ന കവിതയിലെ വണ്ടിക്കാരനിലൂടെ കവി അവതരിപ്പിക്കുന്ന പൊരുളെന്ത്?
19. 'പാതാളത്തിന്റെ മുഴക്കം' നാഗരികതയുടെ മുഴക്കമായി മാറുന്നതെങ്ങനെ?
20. 'അവസരോചിതൻ' എന്ന കവിതയിലെ സമകാലിക യാതാർത്ഥ്യമെന്ത്?
21. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങളിലെ സ്ത്രീ പക്ഷ കാഴ്ച എന്ത്?
22. തള്ളക്കോഴി കുഞ്ഞുങ്ങൾക്ക് നൽകുന്ന ചരിത്രവും വർത്തമാനവും എന്ത്?

*5 x 5 = 25 Marks*

IV. **300 വാക്കിൽ കവിയാതെ എതെങ്കിലും 4 ചോദ്യത്തിന് ഉത്തരം എഴുതുക.**

23. 'മാനസാന്തരം' എന്ന കവിതക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
24. 'ബാല്യകൗമാര കൗതുകങ്ങളും സങ്കടങ്ങളും നിറഞ്ഞ കാവ്യലോകമാണ് മോഹനകൃഷ്ണൻ കാലടിയുടെത്: സമർത്ഥിക്കുക.
25. ആയിരം നാവുള്ള മൗനം എന്ന കവിതയിലെ ദാർശനികതയുടെ ആഴം വ്യക്തമാക്കുക.
26. 'മിണ്ടാപ്രാണി' എന്ന സമാഹാരത്തിലെ കവിതകളെ ആസ്പദമാക്കി വീരാൻ കുട്ടിയുടെ കവിതയുടെ സവിശേഷതകൾ പ്രതിപാദിക്കുക.
27. 'പേഴ്സണൽ പോയട്രി' എന്ന വിശേഷണത്തിന് അർഹമാണ് ആർ. രാമചന്ദ്രന്റെ കവിതകൾ - വിശദമാക്കുക.

1B3N16200 (Pages :2) Reg. No:………………………...

Name: …………………………

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA/BSc Degree Examination, November 2016**

**MLA3A03 - MALAYALA SAHITHYAM**

(2015 Admission onwards)

Max. Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക** **(12x1=12)**

1. കല്ലേൻ പൊക്കുടന് ഏറ്റവും ഇഷ്ടപ്പെട്ടനേതാവ്?
2. 'നാടകം കാണാൻ പ്രത്യേകിച്ചഭ്യാസം ആവശ്യമാണത്രെ'- ആപ്പറഞ്ഞവനാര് ? അവനെ തല്ലണം - ഇതാരുടെ വാക്കുകൾ?
3. നാടകകൃത്തിന്റെ ഭാവ ഭാവനകൾ സഹൃദയനെ പ്രാപിക്കുന്നത്__________ എന്ന മാധ്യമത്തിലൂടെയാണ് ?
4. മലയാളത്തിലെ ആദ്യ എക്സ് പ്രഷനിസ്റ്റു നാടകം ?
5. 'ഇതരവാഴ്‌വുകൾ' - ആരുടെ രചനയാണ്?
6. മലയാളനാടകത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് ആരുടെ നാടക സംരംഭമാണെന്നാണ് ലേഖകന്റെ അഭിപ്രായം?
7. ഗ്രീക്കുനാടകങ്ങളോട് കിടപിടിക്കുന്ന തരത്തിൽ ഗംഭീരസത്വന്മാരായ ബൈബിൾ കഥാപാത്രങ്ങളെ സൃഷ്ടിച്ച സി.ജെ.യുടെ വിഖ്യാത നാടകമാണ്___________?
8. 'കറുത്ത ദൈവത്തെത്തേടി'ആരുടെ നാടകമാണ്?
9. മരണം കറുത്ത ഉടയാടയണിഞ്ഞ് ഭടനുമായി ചതുരംഗം കളിക്കാനിരിക്കുന്ന രംഗം വിഭാവനംചെയ്ത സംവിധായകനാണ്_________?
10. അബ്ദുറഹിമാൻ സാഹിബിന്റെ വളർത്തു പുത്രനായിരുന്നു__________?
11. ദേവകി നിലയങ്ങോടിന്റെ ഒരു ഗ്രന്ഥമാണ്___________?
12. 'അരിപ്പിറാവ്' ആരുടെ കവിതയാണ്?

**B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുക** **(7x2=14)**

13. പൊക്കുടന് രാഷ്ട്രീയത്തിൽ പൂർണ്ണമായും താൽപര്യമില്ലാതായതെങ്ങനെ?
14. കുഞ്ഞിക്കിളിയനെ ലേഖകൻ പരിചയപ്പെടുത്തുന്നതെങ്ങനെ?
15. ഏറ്റവും കരുതലോടെ പാലിക്കപ്പെടുന്നത് ഏതുപത്തായമായിരുന്നു? അതിന്റെ സൂക്ഷിപ്പുകൾ എങ്ങനെയായിരുന്നു ?
16. ഏതെല്ലാം കലകളുടെ സംശ്ലിഷ്ടരൂപമാണ് നാടകം?
17. തിരക്കഥാരചനയെ പറ്റി ബർണാട്ഷാ അഭിപ്രായപ്പെട്ടതെന്ത്?
18. കാണാതായ നേപ്പാളിതൊഴിലാളിയും മുതലാളിയും തമ്മിലുണ്ടായിരുന്ന അപൂർവ്വ സ്നേഹബന്ധത്തിന്റെ പ്രകടനങ്ങൾ?
19. 'തുറന്ന ശത്രുത എനിക്കിഷ്ടമാണ്' -സാഹചര്യമേത്?
20. നാടകത്തിന്റെ മർമഘടകങ്ങളേവ?
21. മരുഭൂമിയിലെ അടയാളങ്ങളും മാഞ്ഞുപോകുന്ന ഭൂപ്രകൃതിയും ?

**C. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (അഞ്ചെണ്ണത്തിനുമാത്രം)** **(5*6=30)**

22. പ്രകൃതിയോടും കണ്ടലിനോടുമുള്ള ഗാഢമായ സ്നേഹം പൊക്കുടന്റെ ലേഖനത്തിൽ ?
23. 'കുഞ്ഞിക്കോരന്റെ മകൻ താമിക്ക് ഒരു പൂതിതോന്നി'- എന്തായിരുന്നു പൂതി ? ഈ പൂതി താമിയുടെ ജീവിതത്തിൽ വരുത്തിയ പരിണാമങ്ങൾ?
24. അബ്ദുറഹിമാൻ സാഹിബിന്റെ ആദർശനിഷ്ഠ വെളിപ്പെടുത്തുന്ന സന്ദർഭങ്ങൾ?
25. 'ഇത്തരം ആസ്വാദകരുണ്ടാകുമ്പോൾ നാടകവേദി ഉയരും' -വിശദമാക്കുക?
26. മലയാളനാടകചരിത്രത്തിലെ നാഴികക്കല്ലുകളായ നാടകങ്ങളെക്കുറിച്ച് ലഘുവായി ഉപന്യസിക്കുക?
27. പത്മരാജന്റെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ച് തിരക്കഥയെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക?
28. ഇല്ലംനിറ,ഉച്ചാരൽവേല,പുളി എന്നീ ആചാരങ്ങൾ പത്തായവുമായി എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്?
29. നാടകസഹൃദയത്വത്തിന്റെ പ്രാധാന്യവും അതുണ്ടാക്കിയെടുക്കേണ്ട വിധവും ?

**D. മൂന്നുപുറത്തിൽ കവിയാതെ ഉപന്യസിക്കുക (മൂന്നെണ്ണത്തിനുമാത്രം)** **(3x8=24)**

30. 'പരീക്ഷണശ്രമങ്ങളില്ലാതെ പുതുതായി ഒന്നും പിറക്കുന്നില്ല ' –തോമസ്കുട്ടിയുടെ ലേഖനം ഇതെങ്ങനെ സ്ഥാപിക്കുന്നു ?
31. പുഴ നീന്തിക്കടന്ന് ഗ്രാമത്തിലെത്തുന്ന ഫയൽവാന്റെ ജീവിതത്തിലെ ഉയർച്ചകളും താഴ്ച്ചകളും അതിനു പശ്ചാത്തലമാകുന്ന ഗ്രാമീണ ജീവിതവും പത്മരാജൻ ചിത്രീകരിച്ച വിധം ?
32. മരണത്തെക്കുറിച്ചുള്ള വിചിത്രവേദാന്തം ഗുരു ശിഷ്യനും കാണികൾക്കും അവതരിപ്പിച്ചുകാണിക്കുന്നതെങ്ങനെയെന്ന് ക്രൈംനാടകത്തെ അടിസ്ഥാനമാക്കി വിശദമാക്കുക ?
33. നഗരങ്ങളിൽ കഴിയുന്നവർക്ക് മരുഭൂമിയിലെ ജീവിതം പടുത്തുയർത്തുന്നവരുടെ യഥാർത്ഥ്യങ്ങളെകുറിച്ചറിയില്ല.മരുഭൂമിയിലെ ജീവിതവും വിസ്മയിപ്പിക്കുന്നതും ദുഃഖത്തിലാഴ്ത്തുന്നതുമായ അനുഭവങ്ങൾ 'മരുഭൂമിയുടെ ആത്മകഥ'യിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക?
34. "ഓരോരോ വിശ്വാസങ്ങളല്ലേ നമ്മുടെ കർമങ്ങൾക്കൊക്കെ ആധാരം. ശരിയേത്, തെറ്റേത് നമുക്കെങ്ങനെയാണ് തിരിച്ചറിയാനാവുക" വിശദീകരിക്കുക ?

Name: ................................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2016**

**MAL3B04 - NADAKAM/THIRAKATHA**

(2015 Admission onwards)

*Max. Time: 3 hours* *Max. Marks: 80*

I. **ഒറ്റ വാക്കിൽ ഉത്തരം എഴുതുക.**

1. 'മഴ' എന്ന സിനിമക്ക് ആധാരമായ ചെറുകഥയുടെ പേരെന്ത്?
2. 'കുടുക്ക അഥവാ വിശക്കുന്നവന്റെ വേദാന്തം' എഴുതിയതാര്?
3. 'ലങ്കാലക്ഷ്മി' നാടകത്തിന് അവതാരിക എഴുതിയതാര്?
4. മണിപ്രവാള ശാകുന്തളത്തിന്റെ കർത്താവാര്?
5. ഏത് മലയുടെ താഴ്‌വരയിൽ വെച്ചാണ് ഈഡിപ്പസിനെ ആട്ടിടയന് ലഭിച്ചത്?
6. തനത് നാടക വേദി ഒരു ചർച്ചാ വിഷയമായി ആദ്യം അവതരിപ്പിച്ചതാര്?
7. 'ഗോദായെ കാത്ത്' മലയാളത്തിലേക്ക് തർജമ ചെയ്തതാര്?
8. 'ഞങ്ങടെ തമ്മിൽത്തല്ലാണല്ലൊ നിങ്ങടെ കൃഷി': പറയുന്നതാര്?
9. എപ്പിക് തിയേറ്ററിന്റെ ഉപജ്ഞാതാവ് ആര്?
10. വിഗതകുമാരൻ പുറത്തിറങ്ങിയ വർഷം ഏത്?

*10 x ½ = 5 Marks*

II. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. 'തേടിയവൻ കാണും തേടാത്തതു കാണില്ല' – ആരുടേതാണ് ഈ വാക്കുകൾ? സന്ദർഭം വിവരിക്കുക.
12. "ചെയ്യുന്നവർക്കു മാത്രം ഗുണമുള്ള ഏക തൊഴിൽ ഇതു മാത്രമാണ്". സന്ദർഭം ഏത്?
13. "പൂമ്പാറ്റയെ കഴുത്തിറക്കി കൊല്ലുകയാണല്ലൊ കുട്ടികൾക്ക് കൗതുകം" സൂചിപ്പിക്കുന്നതെന്ത്?
14. എന്താണ് പ്രശ്നനാടകം?
15. ഈ ഇരുണ്ട വർത്തമാനത്തിൽ നിരന്തരം പിച്ചിച്ചീന്തപ്പെടുന്ന സ്ത്രീ തന്നെയാണ് ഈ നാടകത്തിലെ വിഷയം – സൂചനയെന്ത്?

*5 x 2 = 10 Marks*

III. **150 വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക.**

16. 'കുട്ടു കൃഷി" എന്ന നാടകം സമൂഹത്തിന് നൽകുന്ന സന്ദേശം എന്ത്?
17. 'ചോദിക്കട്ടെ. രാവണന്റെ ജീവിതം ഒരു പാഴ്ചിലവായിരുന്നൊ?'. സന്ദർഭം കാണിച്ച് വിശദീകരിക്കുക.
18. ലെനിൻ രാജേന്ദ്രന്റെ സിനിമകളുടെ പ്രത്യേകതകൾ എന്ത്?
19. കാലൻ കണിയാന് 'ദൈവത്താറിൽ' ഉള്ള സ്ഥാനം എന്ത്?
20. 'സ്വപ്നവാസവദത്തം' എന്ന പേരിന് ആധാരമായ രംഗത്തിന്റെ ഉള്ളടക്കം എന്ത്?
21. ഡോൾസ് ഹൗസ് എന്ന നാടകത്തെ കുറിച്ച് ഒരു കുറിപ്പ് എഴുതുക.
22. എന്താണ് സ്ത്രീപക്ഷ നാടകവേദി?

*5 x 5 = 25 Marks*

IV. **300 വാക്കിൽ കവിയാതെ എതെങ്കിലും 4 ചോദ്യത്തിന് ഉത്തരം എഴുതുക.**

23. 'ദൈവത്താർ' എന്ന നാടകത്തെ ആസ്പദമാക്കി തനത് നാടകവേദിയുടെ സ്വഭാവം വിശദമാക്കുക.
24. 'ലങ്കാലക്ഷ്മി'യിലെ മണ്ഡോദരിയുടെ സ്വഭാവം നിരൂപണം ചെയ്യുക.
25. ട്രാജഡിയുടെ ഘടകങ്ങൾ സമ്മേളിക്കുന്ന നാടകമാണ് ഈഡിപ്പസ് – സമർത്ഥിക്കുക.
26. മലയാള നാടകത്തിന്റെ വർത്തമാനത്തെ കുറിച്ച് നിരൂപിക്കുക.
27. 'സ്വപ്നവാസവദത്തം' നാടകത്തെ ആസ്പദമാക്കി ഭാസന്റെ രചനാരീതി പരിശോധിക്കുക.
28. സ്ത്രീത്വത്തിന്റെ സാമൂഹികപ്രശ്നങ്ങളെ 'കന്യക' എന്ന നാടകം എങ്ങനെ കൈകാര്യം ചെയ്യുന്നു?

*4 x 10 = 40 Marks*